# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 26, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി |

## പെന്റാവാലന്റ് വാക്സിന്റെ ഉപയോഗം

*361 ശ്രീ. രാജു എബ്രഹാം
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെന്റാവാലന്റ് വാക്സിൻ പൈലറ്റ് പദ്ധതിയായി കേരളത്തിൽ നടത്തിയ ഈ പ്രതിരോധ കുത്തിവയ്പിനെക്കുറിച്ച് ഒരു വർഷം പൂർത്തിയായപ്പോൾ ഔദ്യോഗികമായി എന്തു പഠനമാണ് നടത്തിയതെന്ന് അറിയിക്കാമോ;

(ബി) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ; മറ്റു പല രാജ്യങ്ങളും ഈ കുത്തിവെയ്പ് നിരോധിച്ചിട്ടുള്ളതായി അറിയാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>കൺസ്യൂമർ പ്രൈസ് ഇൻഡക്സ് കമ്മിറ്റിയുടെ റിപ്പോർട്ട്</u>

*362 ശ്രീ. കെ. ദാസൻ
,, പി. കെ. ഗുരുദാസൻ
,, കെ. കെ. ജയചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെയും ജീവനക്കാരുടെയും ജീവിത നിലവാര സൂചിക പുനർനിർണ്ണയം ചെയ്യുന്നതിനു വേണ്ടി 2010 ൽ ഗവൺമെന്റ് രൂപീകരിച്ച കൺസ്യൂമർ പ്രൈസ് ഇൻഡക്സ് കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായോ; കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ടിന്റെ ശുപാർശ പ്രകാരം പുതിയ സൂചികയും നിലവിലുള്ള സൂചികയും തമ്മിലുള്ള വ്യത്യാസമെന്തെന്ന് വിശദീകരിക്കുമോ;

(സി) കമ്മിറ്റിയുടെ ശുപാർശകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) കമ്മിറ്റിയുടെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

സ്വകാര്യ സ്വാശ്രയ മെഡിക്കല്‍ - ഡെന്റല്‍ - നഴ്സിംഗ്
കോളേജുകളുടെ പ്രവര്‍ത്തനം

*363 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം. എ. ബേബി
 ,, കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവാരമില്ലാത്ത സ്വകാര്യ സ്വാശ്രയ മെഡിക്കല്‍ - ഡെന്റല്‍ - നഴ്സിംഗ് കോളേജുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്താനോ നിയന്ത്രിക്കാനോ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കില്‍ പ്രസ്തുത പശ്ചാത്തലത്തില്‍ ആരോഗ്യസര്‍വ്വകലാശാലയുടെ പ്രവര്‍ത്തനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സര്‍വ്വകലാശാല 2012 ജനുവരി മുതല്‍ ഇത്തരം കോളേജുകളില്‍ നടത്തിയ പരിശോധനകളിലെ കണ്ടെത്തലുകള്‍ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നിര്‍ദ്ദേശങ്ങള്‍ നല്‍കിയിരുന്നെന്ന് അറിയിക്കുമോ;

(ഡി) ഏതൊക്കെ കോളേജുകള്‍ ഈ നിര്‍ദ്ദേശങ്ങള്‍ പാലിച്ചില്ല; അവയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി</u>

*364 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത ശബരിമല സീസണ് മുമ്പ് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ബി) അപകടങ്ങൾ കുറയ്ക്കുന്നതിനും ന്യായവിലയ്ക്ക് ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും അന്യ സംസ്ഥാനത്ത് നിന്നും എത്തുന്ന ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കും ; വ്യക്തമാക്കുമോ;

(സി) ശബരിമലയുടെ ഇടത്താവളങ്ങളിൽ ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും മിനിമം കൂലിയും</u>

*365 ശ്രീ. കെ. എൻ. എ. ഖാദർ
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇവർക്ക് മിനിമം കൂലി ഉറപ്പു വരുത്താൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്</u>

*366 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സ്‌ലൻസ് സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം പദ്ധതികളാണ് അക്കാഡമി വഴി നടപ്പിലാക്കിയിട്ടുള്ളത് ;

(ഡി) ഏതെല്ലാം തൊഴിൽ മേഖലയിലാണ് ഇവ നടപ്പാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ഡെങ്കിപ്പനിക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സാക്രമം</u>

*367 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി
,, കെ. എസ്. സലീഖ
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെങ്കിപ്പനിയെക്കുറിച്ച് ജനങ്ങൾക്കുള്ള ഭീതി മുതലെടുത്ത് സ്വകാര്യ ആശുപത്രികൾ രോഗികളെ വ്യാപകമായി ചൂഷണം ചെയ്യുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളിൽ നൽകേണ്ട ചികിത്സാക്രമത്തെക്കുറിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ ആശുപത്രികൾ രോഗികളെ ചൂഷണം ചെയ്യുന്നത് തടയാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

ആയുർവേദ ഗവേഷണം

*368 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എം. പി. അബ്ദുസ്സമദ് സമദാനി
'' പി. കെ. ബഷീർ
'' സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വിഭാഗം നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഈ വിഭാഗം നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ മറ്റേതെങ്കിലും വിഭാഗങ്ങളുമായി പ്രത്യേകിച്ച് വനം, ബൊട്ടാണിക് റിസർച്ച് എന്നിവയുമായി സഹകരിച്ചുള്ള പ്രവർത്തനം നടത്താറുണ്ടോ; എങ്കിൽ, ആയതു സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) അശോകത്തിന്റെ ആന്റി ഓക്സിഡന്റ് പ്രവർത്തനശേഷി സംബന്ധിച്ച് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡനിലെ ഗവേഷകർ നടത്തിയ ഗവേഷണം സംബന്ധിച്ച് എന്തെങ്കിലും ആശയവിനിമയം നടത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ വിവിധ ഗവേഷണ വിഭാഗങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ ഏകോപനമുണ്ടാക്കി ചികിത്സാരംഗത്ത് കൂടുതൽ ഫലപ്രദമായ കണ്ടെത്തലുകൾക്ക് വഴിയൊരുക്കുമോ?

# കേരള നിയമസഭ
## 26.06.2013–ലെ മറുപടിക്ക്

ആരോഗ്യ സര്‍വ്വകലാശാലയിലെ ക്രമക്കേട്

*369 ശ്രീ. എം. എ. ബേബി
'' എ. കെ. ബാലന്‍
'' കെ. വി. വിജയദാസ്
'' എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ സര്‍വ്വകലാശാലയില്‍ നിന്ന് നിരവധി ബ്ലാങ്ക് സര്‍ട്ടിഫിക്കറ്റുകള്‍ നഷ്ടപ്പെട്ടതിനെ കുറിച്ച് അന്വേഷണം നടത്തിയിരുന്നോ;

(ബി) ഇവ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനായി എന്തു നടപടികള്‍ സ്വീകരിച്ചെന്നറിയിക്കാമോ;

(സി) പ്രസ്തുത സര്‍വ്വകലാശാലയില്‍ ജനാധിപത്യ രീതിയില്‍ തെരഞ്ഞെടുക്കുന്ന സെനറ്റ്, സിന്‍ഡിക്കേറ്റ് എന്നീ സംവിധാനങ്ങള്‍ നടപ്പിലാക്കുമോ;

(ഡി) അഫിലിയേഷന്‍ നല്‍കുന്നതുമായി ബന്ധപ്പെട്ട് ഗവേണിംഗ് കൗണ്‍സിലിനെതിരെ നടത്തിയ വിജിലന്‍സ് അന്വേഷണത്തില്‍ കണ്ടെത്തിയ വസ്തുതകള്‍ എന്തൊക്കെയാണെന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>നവജാത ശിശു ചികിത്സാ കേന്ദ്രങ്ങൾ</u>

*370 ശ്രീ. വർക്കല കഹാർ
,, ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ നവജാതശിശു ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ ശിശുമരണ നിരക്ക് കുറയ്ക്കാൻ എന്തെല്ലാം സൗകര്യങ്ങളും ചികിൽസകളുമാണ് ഈ കേന്ദ്രത്തിൽ ഒരുക്കിയിട്ടുളളത് എന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിന് സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>താലോലം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

*371 ശ്രീ. കെ. രാജു
,, വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ താലോലം പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു;

(സി) പ്രസ്തുത പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ആയുർവ്വേദ മരുന്നുകളുടെ ഗവേഷണവും പേറ്റന്റും

*372 ശ്രീ. പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ആയുർവ്വേദമരുന്നുകളുടെ ഗവേഷണത്തിനും അവയ്ക്ക് പേറ്റന്റ് നേടുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണമേന്മയില്ലാത്ത മരുന്നുകൾ ആയുർവ്വേദ ചികിത്സയുടെ പ്രശസ്തിക്കു മങ്ങലുണ്ടാക്കുമെന്നതിനാൽ ആയുർവ്വേദ ഡ്രഗ്സ് കൺട്രോൾ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ബാലവേല വിമുക്ത സംസ്ഥാനം

*373 ശ്രീ. സി. പി.മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ബാലവേല വിമുക്ത സംസ്ഥാനമാക്കി പ്രഖ്യാപിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ബാലവേല നിരോധിക്കുന്നതിന്റെ ഭാഗമായി താലൂക്കടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെയെല്ലാം ഉൾപ്പെടുത്തിയാണ് പ്രസ്തുത ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്;

(ഡി) ജീവിക്കാൻ നിവൃത്തിയില്ലാതെ ബാലവേലക്കെത്തുന്ന കുട്ടികളെ എങ്ങനെയാണ് പുനരധിവസിപ്പിക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ജീവിതശൈലീ രോഗനിയന്ത്രണത്തിനുള്ള കർമ്മ പരിപാടി</u>

*374 ശ്രീ. റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗനിയന്ത്രണത്തിനുള്ള ഒരു വർഷത്തെ കർമ്മ പരിപാടിയിൽ എത്ര പേർക്ക് രോഗ പരിശോധന നടത്താൻ ഉദ്ദേശമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമെ ബോധവൽകരണം നടത്തുന്നതിന് സന്നദ്ധരായ സ്വകാര്യ ആശുപത്രികളിൽ പ്രവർത്തിക്കുന്ന സൗജന്യ സഹായ കേന്ദ്രങ്ങളെക്കൂടി പങ്കെടുപ്പിക്കുമോ;

(സി) ഈ കർമ്മ പരിപാടിയുടെ ഭാഗമായി ''യോഗ'' പരിശീലനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മിനിമം വേതനം പതിനായിരം രൂപയാക്കണമെന്ന ആവശ്യം</u>

*375 ശ്രീ. കെ. വി. വിജയദാസ്
,, എളമരം കരീം
,, കെ. കെ. ജയചന്ദ്രൻ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വിലക്കയറ്റം മൂലം യഥാർത്ഥ വേതനത്തിൽ ഇടിവ് വന്നത് കണക്കിലെടുത്ത് മിനിമം വേതനം പതിനായിരം രൂപയാക്കണമെന്ന തൊഴിലാളി സംഘടനകളുടെ ആവശ്യം പരിഗണിക്കുമോ;

(ബി) കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ടിൽ നിശ്ചയിച്ചിരിക്കുന്നതുപോലെ കരാർ തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(സി) ഇത് പാലിക്കാത്തവർക്കെതിരെ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമപദ്ധതികൾ</u>

*376 ശ്രീ. ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യൂ റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര ക്ഷേമപദ്ധതികളാണ് നിലവിലുളളത്;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഏതൊക്കെ വിഭാഗം തൊഴിലാളികൾക്കാണ് ഇപ്പോൾ പെൻഷൻ നൽകുന്നത്;

(ഡി) ഇപ്പോൾ മിനിമം പെൻഷൻ പ്രതിമാസം എത്ര രൂപയാണ് നല്കുന്നത്;

(ഇ) മരുന്നുകൾക്കും മറ്റ് നിത്യോപയോഗ സാധനങ്ങൾക്കും വിലവർദ്ധന ഉണ്ടായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പെൻഷനുകളിൽ മതിയായ വർദ്ധന വരുത്തുവാൻ തയ്യാറാകുമോ;

(എഫ്) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി</u>

*377 ശ്രീ. പി. റ്റി. എ. റഹീം
,, പി. ശ്രീരാമകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ വകയായ ഇരുപത്തി അയ്യായിരത്തിലധികം ഏക്കർ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) മലബാർ ദേവസ്വം ബോർഡിൽ മാത്രമായി ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) അനധികൃതമായി കൈവശം വെച്ചിരിക്കുന്ന 700 ഏക്കറിലധികം വരുന്ന പന്തല്ലൂർ ക്ഷേത്രഭൂമി തിരിച്ചുപിടിക്കാൻ എന്താണ് നിയമതടസ്സമെന്ന് അറിയിക്കുമോ; ആയതു തിരിച്ചുപിടിക്കാനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>സംയോജിത കായൽ ടൂറിസം പദ്ധതി</u>

*378 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' എം. എ. വാഹീദ്
'' കെ . മുരളീധരൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവികസനത്തിനായി സംയോജിത കായൽ ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിൽ ആരെയെല്ലാമാണ് പങ്കാളികളാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>മുടങ്ങിയ ജലസേചന പദ്ധതികൾ</u>

*379 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാം; ഈ പദ്ധതികൾ ഓരോന്നും മുടങ്ങിക്കിടക്കാൻ തുടങ്ങിയിട്ട് എത്ര കാലമായി; ഇവ മുടങ്ങാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>അസംഘടിത തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി</u>

*380 ശ്രീ. പുരുഷൻ കടലുണ്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബാബു. എം. പാലിശ്ശേരി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത തൊഴിലാളികൾക്ക് എന്തൊക്കെ സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് നിലവിലുളളതെന്ന് അറിയിക്കാമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി, ബോണസ്, പ്രോവിഡണ്ട് ഫണ്ട് എന്നിവ ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം തൊഴിലാളികളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

18 വയസ്സുവരെയുള്ള കുട്ടികൾക്കായി സമഗ്ര ആരോഗ്യ പദ്ധതി

*381 ശ്രീ. എം. എ. വാഹിദ്
,, ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 18 വയസ്സുവരെയുള്ള കുട്ടികൾക്കായി സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ മെഡിക്കൽ കോളേജ് പ്രവേശനം</u>

*382 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എ. കെ. ബാലൻ
,, ജെയിംസ് മാത്യു
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ മെഡിക്കൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അഖിലേന്ത്യാ പ്രവേശന പരീക്ഷ(നീറ്റ്)യിൽ കേരളത്തിൽ നിന്നും പങ്കെടുത്ത വിദ്യാർത്ഥികൾ എത്രയാണെന്ന് അറിയാമോ;

(സി) മാനേജ്മെന്റുകൾ നടത്തിയ പരീക്ഷ റദ്ദാക്കിയ സാഹചര്യത്തിൽ മാനേജ്മെന്റ് സീറ്റുകളിലേക്ക് നീറ്റ് ദേശീയാടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിലെ സംസ്ഥാനത്തു നിന്നുള്ള വിദ്യാർത്ഥികളിൽ നിന്നും പ്രവേശനം നടത്തുന്നതിന് നിർദ്ദേശം നൽകാൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) പരീക്ഷ റദ്ദാക്കിയ മേൽനോട്ട സമിതിക്കെതിരെ ഉണ്ടായ കേസിൽ സർക്കാർ ഭാഗത്തു നിന്ന് മാനേജ്മെന്റുകൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിലപാട് സ്വീകരിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ?

**കേരള നിയമസഭ**
**26.06.2013-ലെ മറുപടിക്ക്**

<u>വൻകിട ജലസേചന പദ്ധതികൾ</u>

*383 ശ്രീ. സി. മോയിൻകുട്ടി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വൻകിട ജലസേചന പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നയം വിശദമാക്കുമോ;

(ബി) ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പുതിയ ഡാമുകൾക്കുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) നിലവിൽ പണി നടന്നുവരുന്ന പദ്ധതികളെ സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ നടപടി</u>

*384 ശ്രീ. സി.കെ. സദാശിവൻ
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗികൾക്ക് മെച്ചപ്പെട്ട തോതിലുള്ള സേവനങ്ങൾ ലഭ്യമാക്കാനായി സർക്കാർ ആശുപത്രികളിൽ 1961-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ ശാസ്ത്രീയമായി പരിഷ്കരിക്കാൻ തയ്യാറാകുമോ;

(ബി) നഴ്സുമാരുടെ പ്രൊമോഷൻ അനുപാതത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ജില്ലാതലത്തിന് താഴെയുള്ള ആശുപത്രികളിലും 8 മണിക്കൂർ ജോലി വ്യവസ്ഥ ഏർപ്പെടുത്തണമെന്ന നഴ്സുമാരുടെ ആവശ്യം പരിഗണിക്കുമോ;

(ഡി) പകർച്ചവ്യാധികൾ വ്യാപിക്കുന്നത് കണക്കിലെടുത്ത് നഴ്സുമാരുടെ നിലവിലുള്ള ആയിരത്തിൽപരം ഒഴിവുകൾ ഉടനടി നികത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

ബ്ലഡ് ട്രാൻസ്ഫ്യൂഷൻ രംഗത്ത് സുരക്ഷ

*385 ശ്രീ. പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലഡ് ട്രാൻസ്ഫ്യൂഷൻ രംഗത്ത് സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) രക്തശേഖരണ രംഗത്ത് നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) സുരക്ഷിതമായ രക്തവും രക്തഘടകങ്ങളും രോഗിക്ക് ലഭ്യമാക്കുന്നതിന് പര്യാപ്തമായ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>കടലാക്രമണ നിയന്ത്രണ പദ്ധതി</u>

*386 ശ്രീ. വി. ശിവൻകുട്ടി
,, കെ. ദാസൻ
,, എ. എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച കടലാക്രമണ നിയന്ത്രണ പദ്ധതികളുടെ വിശദാംശവും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ;

(ബി) പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കി പണിയുന്നതിനും മുൻവർഷം കേവലം ഇരുപത്തിയഞ്ചു ലക്ഷം മാത്രം ചെലവഴിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; ഈ ആവശ്യത്തിലേക്ക് ഈ വർഷത്തെ ബജറ്റിൽ അധിക തുക വകയിരുത്താതിരുന്നതിന് കാരണം വ്യക്തമാക്കുമോ;

(സി) കടലാക്രമണ പ്രതിരോധത്തിനായി കേന്ദ്രത്തിന് സമർപ്പിച്ച 750 കോടി രൂപയുടെ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) കേന്ദ്രത്തിൽ നിന്നു ലഭിച്ച മറുപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

<u>ആട്ടോമൊബൈലിന് അന്താരാഷ്ട്ര പരിശീലന കേന്ദ്രം</u>

*387 ശ്രീ. ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി ആട്ടോമൊബൈലിന് അന്താരാഷ്ട്ര പരിശീലന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പിനായി സഹകരിച്ചത്;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ജനനി സുരക്ഷാ യോജന</u>

*388 ശ്രീ. ഇ. കെ. വിജയൻ
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനി സുരക്ഷാ യോജന സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര കേന്ദ്ര സഹായം ലഭിച്ചു; പദ്ധതി ആരംഭിച്ചതുമുതൽ ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2013-ലെ മറുപടിക്ക്

തീരദേശമേലയിലെ കടൽക്ഷോഭം മൂലമുള്ള ദുരിതങ്ങൾ

*389 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, പി. കെ. ഗുരുദാസൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കടൽക്ഷോഭം മൂലം ജനങ്ങൾ ദുരിതത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടൽഭിത്തികൾ യഥാസ്ഥലങ്ങളിൽ നിർമ്മിക്കാതിരുന്നത് കടലാക്രമണങ്ങൾ മൂലമുള്ള ദുരിതങ്ങൾ വർദ്ധിപ്പിക്കാൻ ഇടയാക്കി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 26.06.2013-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരണം</u>

*390 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിൽ മേഖലകളിലെ സംഘർഷങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) തൊഴിലാളികളുടെ കൂലി ബാങ്കു മുഖേനയാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 17.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].